MONDAY

23/03/2026

തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : SINDHU. K S**

**Editor : Dr. V. Krishnadas**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 23/03/2026

1. വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിൽ ഡ്രോൺ പൈലറ്റ് പരിശീലനത്തിന് അപേക്ഷിക്കാം. കാർഷിക മേഖലയിലെ ഡ്രോൺ സാധ്യതകൾ, സ്മാർട്ട് കൃഷി രീതികൾ എന്നിങ്ങനെ പുതുമയുള്ള കാർഷിക ആശയങ്ങൾ സംരംഭമാക്കി മാറ്റുന്നതിനായി അഗ്രി ബിസിനസ് ഇൻക്യുബേറ്ററിലെ റാഫ്താർ പദ്ധതിയിലേക്ക് ഏപ്രിൽ 15 മുതൽ മെയ് 15 വരെ അപേക്ഷിക്കാം. റാഫ്താർ പദ്ധതി പ്രകാരം കാർഷിക മേഖലയിൽ വേറിട്ട ആശയങ്ങളുള്ള പ്രീ- സീഡ് സ്റ്റേജ് സ്റ്റാർട്ടപ്പുകൾക്ക് പദ്ധതിയിലൂടെ ആശയങ്ങൾ പ്രോട്ടോടൈപ്പുകളായി വികസിപ്പിച്ചെടുക്കുന്നതിനായി 5 ലക്ഷം വരെ ധന സഹായവും, നൂതന ആശയങ്ങളുള്ള വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ ആശയങ്ങൾ സംരംഭമായി വികസിപ്പിക്കുന്നതിനുമായി 4 ലക്ഷം രൂപ വരെ ധനസഹായവും ലഭ്യമാക്കുന്നു. നിലവിൽ സംരംഭം തുടങ്ങിയ സീഡ് സ്റ്റേജ് സ്റ്റാർട്ടപ്പുകൾക്ക് പ്രോട്ടോടൈപ്പുകളുടെ വിപുലീകരണത്തിനും വാണിജ്യവത്കരണത്തിനുമായി 25 ലക്ഷം രൂപ വരെ ധന സഹായം

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നൽകുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ അഗ്രി ബിസിനസ് ഇൻക്യൂബേറ്ററും മോധ എയ്റോ അക്കാദമി പ്രൈവറ്റ് ലിമിറ്റഡും സംയുക്തമായാണ് ഡ്രോൺ പൈലറ്റ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. കാർഷിക, വാണിജ്യ ആവശ്യങ്ങൾക്കായി സർട്ടിഫൈഡ് ഡ്രോൺ പൈലറ്റുമാരെ വാർത്തെടുക്കുക, ഡ്രോൺ പ്രവർത്തനം, കേടുപാടു തീർക്കൽ, ഡാറ്റാധിഷ്ഠിത ഫാം മാനേജ്മെൻ്റ് എന്നിവയിൽ വൈദഗ്ധ്യമുള്ള പ്രൊഫഷണലുകളെ സൃഷ്ടിക്കുക എന്നിവയാണ് പരിശീലന പരിപാടിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. കാർഷിക ഡ്രോണുകൾക്കുപരി നിരീക്ഷണത്തിനും വിള ഇൻഷുറൻസിനുമുള്ള മിനിഡ്രോണുകളുടേയും പരിശീലനവും സർവ്വകലാശാലയിലെ ഡ്രോൺ പൈലറ്റ് പരിശീലന കേന്ദ്രം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് കേരള കാർഷിക സർവ്വകലാശാലയിലെ അഗ്രിബിസിനസ്സ് ഇൻക്യുബേറ്ററിലെ സേവനങ്ങൾ ലഭ്യമാകുന്നതിനും ഡ്രോൺ പൈലറ്റ് പരിശീലനത്തിനും മറ്റ് സംരംഭകത്വ വികസന പരിശീലനങ്ങൾക്കുമായി ഡോ. കെ.പി സുധീർ അഗ്രിബിസിനസ്സ് ഇൻക്യുബേറ്റർ മേധാവി കാർഷിക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എഞ്ചിനീയറിംഗ് വിഭാഗം, കാർഷിക കോളേജ് കേരള കാർഷിക സർവ്വകലാശാല വെള്ളാനിക്കര, തൃശ്ശൂർ – 680 656 എന്ന വിലാസത്തിലോ, 9778436265/0487 2438332 എന്നീ ഫോൺ നമ്പറുകളിലോ Email: cohagengg@kau.in/rabi.kau.in എന്ന ഇ മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടി

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോര് ഇ-ലേണിംഗ്) "Organic Agricultural Management" എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവർ www.celkau.in എന്ന വെബ് സൈറ്റിലെ 'ഇ-കൃഷി പാഠശാല' മുഖേന രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. കോഴ്സ് ആരംഭിക്കുന്ന തിയ്യതി: **2026 ഏപ്രിൽ 16.** 2026 മെയ് 16 -ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

celkau@gmail.com ലേക്ക് ഇ–മെയിൽ ആയോ 04872438567, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

3. **കാർഷിക നിർദേശം**

നാട്ടുമരങ്ങളിൽ വ്യാപകമായി കാണപ്പെടുന്ന ഒരു ഉപദ്രവകാരിയായ കളയാണ് ഇത്തിൾക്കണ്ണികൾ. മാവ്, പ്ലാവ്, സപ്പോട്ട എന്നിങ്ങനെ പല ഫല വൃക്ഷങ്ങളിലും റബ്ബർ, കശുമാവ് തുടങ്ങിയ നാണ്യവിളകളിലും ഇതു ധാരാളമായി കാണപ്പെടുന്നു. ഇവവിളകളുടെ ഉൽപ്പാദനം കുറയ്ക്കുകയും ഗുണനിലവാരത്തെ ബാധിക്കുകയും ചെയ്യുന്നതിനാൽ ഇവയുടെ നിയന്ത്രണം അനിവാര്യമാണ്. ഇത്തിൾക്കണ്ണികൾ ബാധിച്ച കൊമ്പുകൾ, അവ നിൽക്കുന്ന ഭാഗത്തിന്റെ താഴെ വച്ച് വെട്ടിമാറ്റണം. ഇത്തിൾക്കണ്ണിയുടെ വളർച്ചയുടെ ആരംഭത്തിൽ തന്നെ അടിയോടെ അവ പിഴുതുമാറ്റുകയും നശിപ്പിക്കുകയും വേണം. ഇത്തിൾക്കണ്ണിയുടെ നിവാരണത്തിനായി എത്രൽ എന്ന ഹോർമോൺ 25 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കണം. റോക്കർസ്പ്രേയർ എന്ന ഉപകരണമാണ് സാധാരണയായി ഉപയോഗിക്കുന്നത്. ഇലകൾ വീണ്ടും തളിർത്തു വരുന്ന പ്രധാന വേരുകളിൽ 2, 4 – D എന്ന കളനാശിനി 1

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഗ്രാം 20 മി.ല്ലി വെള്ളത്തിൽ എന്ന തോതിൽ പഞ്ഞിയിൽ നനച്ച് വെച്ച്കെട്ടുന്നത് വഴി ഇവയുടെ വളർച്ച പൂർണ്ണമായും തടയാം. കൂടാതെ വേനൽക്കാലത്ത് ചെറിയ തോതിലുള്ള ഇത്തിൾക്കണ്ണികളെ ഉപ്പ് തളിരിൽ വെച്ച്കെട്ടി നിയന്ത്രിക്കാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം